# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 2796 07.12.2018-ൽ മറുപടിയ്ക്ക്

## പാർലമെന്ററി ജനാധിപത്യ സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.കെ.ഹരീന്ദ്രൻ : | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്ററി ജനാധിപത്യ സംവിധാനത്തെക്കുറിച്ച് അവബോധം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും ആയതിലേക്കായി അപേക്ഷ നൽകേണ്ട രീതിയെ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | ഓരോ നിയോജക മണ്ഡലങ്ങളിൽ നിന്നും ബഹു. എം.എൽ.എ മാർ നിർദ്ദേശിക്കുന്ന 4 സ്കൂളുകളിൽ സെമിനാർ, രണ്ട് സ്കൂളുകളിൽ വീതം യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും അദ്ധ്യയന വർഷാടിസ്ഥാനത്തിൽ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്തിവരുന്നു. ബഹു. എം.എൽ.എ മാർ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറലിന് നൽകുന്ന കത്തിൽ ശിപാർശ ചെയ്യുന്ന സ്കൂളുകളിലാണ് പരിപാടികൾ നടത്തുന്നത്. |
| (ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്ത് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ നടത്തി വരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ പാർലമെന്റ്, സെമിനാർ എന്നിവയും സംഘടിപ്പിച്ച് വരുന്നു. മോഡൽ പാർലമെന്റിൽ, സംസ്ഥാനതലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക്, പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ